കാസർഗോഡ്, കണ്ണൂർ ജില്ലകളിലെ പ്രവൃത്തികളുടെ പുരോഗതി

15 (4623) ശ്രീ. കെ. പി. സതീശ് ചന്ദ്രൻ : താഴെ കാണുന്ന ചോദ്യത്തിന് വിദ്യുച്ഛക്തി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

കാസർഗോഡ് ജില്ലിയിലെ ഭീമനടി, കാലിക്കടവ്, തൃക്കരിപ്പൂർ, നീലേശ്വരം സെക്ഷനുകളിലും കണ്ണൂർ ജില്ലയിലെ പാടിയോട്ടുചാൽ, കരിവെള്ളൂർ സെക്ഷനുകളിലും നടന്നുവരുന്ന മിനിമം ഗ്യാരന്റി ഡെപ്പോസിറ്റ് പ്രവൃത്തികൾ ഏതൊക്കെയാണെന്നും അവ ഓരോന്നും ഇപ്പോൾ ഏതു ഘട്ടത്തിലാണെന്നും അവ എപ്പോൾ പൂർത്തിയാക്കാൻ കഴിയുമെന്നും അറിയിക്കാമോ ?

ഉത്തരം

കാസർഗോഡ് ജില്ലയിൽ നടന്നുവരുന്ന എം. ജി. ഡെപ്പോസിറ്റ് പ്രവൃത്തികൾ

നിലേശ്വരം സെക്ഷൻ - ഇല്ല

പീലിക്കോട് സെക്ഷൻ - ഇല്ല

തൃക്കരിപ്പൂർ സെക്ഷൻ - ഇല്ല

ഭീമനടി സെക്ഷൻ

മിനിമം ഗ്യാരന്റി വർക്ക് - ഒരെണ്ണം

ബാഡൂർ-അക്കച്ചേരി അഗ്രികൾച്ചറൽ ലൈൻ എക്സ്റ്റെൻഷൻ വർക്ക് - 11 കെ. വി. ലൈൻ പൂർത്തിയായി.

ഡെപ്പോസിറ്റ് വർക്ക് - 1 എണ്ണം

ഓടയംചാൽ-ചെറുപുഴ റോഡ് വികസനവുമായി ബന്ധപ്പെട്ട് കനകം പള്ളിനട മുതൽ ചിറ്റാരിക്കൽ വരെ ലൈൻ ഷിഫ്റ്റിംഗ് പുരോഗമിച്ചു വരുന്നു.

പ്രസ്തുത വർക്കുകൾ ഈ സാമ്പത്തിക വർഷം പൂർത്തിയാക്കുവാൻ കഴിയുന്നവയാണ്.

കണ്ണൂർ ജില്ലയിൽ നടന്നുവരുന്ന മിനിമം ഗ്യാരന്റി ഡെപ്പോസിറ്റ് പ്രവർത്തികൾ

പാടിയോട്ടുചാൽ സെക്ഷൻ

മിനിമം ഗ്യാരന്റി വർക്ക്

1. മുക്കുഴിയിലേക്ക് ലൈൻ നീട്ടുന്ന പ്രവൃത്തി എച്ച്. റ്റി., എൽ. റ്റി. ലൈൻ ജോലി പൂർത്തിയായിട്ടുണ്ട്. ട്രാൻസ്ഫോർമർ സ്ഥാപിക്കുന്ന ജോലി ബാക്കിയുണ്ട്. 15 ദിവസത്തിനകം ജോലി പൂർത്തിയാക്കുവാൻ കഴിയും. സർവ്വീസ് കണക്ഷനുകൾ സാധനസാമഗ്രികൾ ലഭ്യമാകുന്നതിന് അനുസരിച്ച് നൽകാനാകും.

2. കൃഷിയാവശ്യത്തിനുവേണ്ടി പോത്തൻകണ്ടം ഭാഗത്തേക്ക് ലൈൻ നീട്ടുന്ന പ്രവൃത്തി 11 കെ. വി. ലൈൻ നിർമ്മാണം പൂർത്തീകരിച്ചിട്ടുണ്ട്. 45 ദിവസത്തിനകം ജോലി പൂർത്തീകരിക്കാൻ കഴിയും.

LIBRARY ARCHIVES Kerala Legislative Assembly

3. (1) കരിക്കര-തലിക്കര ഭാഗത്തേക്ക് കൃഷി ആവശ്യത്തിന് ലൈൻ വലിക്കുന്ന ജോലി.

ജോലി ടെണ്ടർ ചെയ്യുന്നതിനുള്ള നടപടികൾ ആരംഭിച്ചിട്ടുണ്ട്. കരാർ നൽകിയശേഷം 45 ദിവസത്തിനകം ജോലി പൂർത്തീകരിക്കാൻ കഴിയും.

(2) ചുരപ്പടവ് ഭാഗത്തേക്ക് ലൈൻ നീട്ടുന്ന പ്രവൃത്തി ജോലി ആരംഭിച്ചിട്ടില്ല. 4 മാസത്തിനകം പൂർത്തീകരിക്കാൻ കഴിയും.

കരിവെള്ളൂർ സെക്ഷൻ മിനിമം ഗ്യാരന്റി വർക്ക്

യന്ത്രവത്കൃത ചകിരി വ്യവസായ സഹകരണ സംഘത്തിന് (65 എച്ച്പി) കണക്ഷൻ നൽകുന്ന ജോലിയുടെ 80% പൂർത്തീകരിച്ചിട്ടുണ്ട്. ട്രാൻസ്ഫോർമർ സ്ഥാപിക്കേണ്ട ജോലി ബാക്കിയുണ്ട്. പി.റ്റി.സി.സി. ഇലക്ട്രിക്കൽ ഇൻസ്പെക്ടറേറ്റ് അപ്രൂവൽ കിട്ടുന്ന മുറയ്ക്ക് കണക്ഷൻ നൽകാനാവും.

ഡെപ്പോസിറ്റ് വർക്ക്

1. വലിയ കോവിലിലേക്ക് ലൈൻ നീട്ടുന്ന പ്രവൃത്തി. 80% ജോലി പൂർത്തിയാക്കിയിട്ടുണ്ട്. ട്രാൻസ്ഫോർമർ സ്ഥാപിക്കേണ്ട ജോലി ബാക്കിയുണ്ട്. പി. റ്റി. സി. സി. ഇലക്ട്രിക്കൽ ഇൻസ്പെക്ടറേറ്റ് അപ്രൂവൽ കിട്ടുന്ന മുറയ്ക്ക് ലൈൻ ചാർജ് ചെയ്യുവാൻ സാധിക്കുന്നതാണ്.

2. കരിവെള്ളൂർ ഗ്രാമപഞ്ചായത്ത്, 2.137, കി.മീ. ലൈൻ വലിച്ച് വ്യത്യസ്ത പ്രദേശങ്ങളിലായി 34 സാധാരണ സ്ട്രീറ്റ് ലൈറ്റും ഒരു സോഡിയം വേപ്പർ ലാമ്പും മൂന്ന് സി. എഫ്. ലാമ്പും സ്ഥാപിക്കുകയും 2 ഓർഡിനറി സ്ട്രീറ്റ് ലൈറ്റ് മാറ്റുന്ന പ്രവൃത്തിയും.

3. ഒരു സോഡിയം വേപ്പർ ലാമ്പും 3 സി. എഫ്. ലാമ്പും സ്ഥാപിക്കുന്ന ജോലിയും 2 സ്ട്രീറ്റ് ലൈറ്റ് മാറ്റുന്ന പ്രവൃത്തിയും പൂർത്തീകരിച്ചിട്ടുണ്ട്. 34 സാധാരണ സ്ട്രീറ്റ് ലൈറ്റുകൾ സ്ഥാപിക്കുന്ന ജോലി പുരോഗമിച്ചു വരുന്നു.

നെടുമങ്ങാട് സെക്ഷൻ കെ. എസ്. ഇ. ബി. ആഫീസിന് പുതിയ മന്ദിരം

16 (4624) ശ്രീ. മാങ്കോട് രാധാകൃഷ്ണൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യുച്ഛക്തി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) നെടുമങ്ങാട് സെക്ഷൻ കെ. എസ്. ഇ. ബി. ആഫീസിന് പുതിയ മന്ദിരം നിർമ്മിക്കുന്നതിനുള്ള എന്തെങ്കിലും പ്രൊപ്പോസലുകൾ നിലവിലുണ്ടോ ;

(ബി) ഇല്ലെങ്കിൽ വളരെ പഴക്കം ചെന്നതും മുപ്പതിനായിരത്തിൽപ്പരം ഉപഭോക്താക്കളുള്ളതുമായ പ്രസ്തുത ഓഫീസിന് പുതിയ മന്ദിരം പണിയുന്നതിനുള്ള അടിയന്തര നടപടി സ്വീകരിക്കുമോ ?

ഉത്തരം

(എ&ബി) ഇല്ല. എന്നാൽ, വൈദ്യുതി ബോർഡിന്റെ സാമ്പത്തിക സ്ഥിതി മെച്ചപ്പെടുന്ന മുറയ്ക്ക് പരിഗണിക്കാവുന്നതാണ്.

LIBRARY ARCHIVES Kerala Legislative Assembly